

അനിൽ ചാറ്റർജി, സുപ്രിയ ചൗധുരി

# കോമൾ ഗാന്ധാർ

## എം. പ്രഭാകരൻ

**ഒ**രുപക്ഷേ, സാധാരണക്കാരുടെ ഒരു വലിയ ആസ്വാദകലോകം കിട്ടുകയില്ലെന്ന് നേരത്തെ ഊഹിച്ചുതന്നെയാവണം, ഋത്വിക് ഘട്ടക് പലതുകൊണ്ടും വിഭിന്നമായ കോമൾ ഗാന്ധാർ സൃഷ്ടിക്കാനൊരുങ്ങിയത്. കലയെപ്പറ്റി ശരിയായ ഒരു ബോധമില്ലാതെ, നാം പല പ്രാവശ്യം കണ്ടിട്ടുള്ള പ്രണയകഥകളിൽ നിന്നൊന്നും പറയത്തക്ക വ്യത്യാസമൊന്നും വരുത്താതെ, തമാശയുടെ പേരിൽ വേണ്ടതിലധികം വൃത്തികേടുകൾ കുത്തിത്തിരുകി ലേബലുകളിട്ട് പുറത്തിറക്കുന്ന പടപ്പുകളെ കൂടി ഒരു കൂട്ടർ കൈയടിച്ചാസ്വദിക്കാനുണ്ടാവും. എന്നാൽ, അജാന്ത്രിക്, മേഘേ ദേക്കെ താര മുതലായ ചിത്രങ്ങളുടെ പിന്നിൽ പ്രവർത്തിച്ച കൈകളുടെ ലക്ഷ്യം താണതരം കൈയടിയല്ലെന്നും ഈ ചിത്രം കാണുമ്പോഴും നാം സമ്മതിക്കും. ഒരു സാധാരണ സംവിധായകൻ ഒരിക്കലും കൈകാര്യം ചെയ്യുവാൻ ധൈര്യപ്പെടാത്ത ഒരു പൊളിഞ്ഞ മോട്ടോർ കാറിന്റെ കഥ അജാന്ത്രിക് എന്ന തന്റെ ആദ്യത്തെ ചിത്രത്തിൽകൂടി പ്രദർശിപ്പിച്ച് കലാലോകത്തിന്റെ പ്രശംസയ്ക്ക് പാത്രമായി ശ്രീ ഘട്ടക്കിന്റെ മൂന്നാമത്തെ ചിത്രമാണ് കോമൾ ഗാന്ധാർ. ചലച്ചിത്ര സംവിധാനത്തിൽ മറ്റു പലരിൽനിന്നും വ്യത്യസ്തമായ തന്റെ രൂഢമൂലമായ വീക്ഷണഗതിയും അതിനൊത്തു പ്രവർത്തിക്കുന്ന അസാമാന്യമായ പ്രതിഭയുമാണ് അദ്ദേഹത്തിന്റെ ചിത്രങ്ങളുടെ വിജയത്തിന് കാരണം.

**കഥ**

ചിത്രത്തിന്റെ തുടക്കത്തിൽ കിഴക്കൻ പാകിസ്താനിലെവിടെയോ വച്ച് നടക്കുന്ന ഒരു നാടകത്തിലെ രംഗമാണ് നാം കാണുന്നത്. അതിൽ ഇന്ത്യയിൽ ചെന്നാൽ ഗവൺമെന്റ് അഭയാർത്ഥികൾക്ക് വേണ്ട സഹായങ്ങൾ ചെയ്തു തരുമെന്നു പറഞ്ഞു മനസ്സിലാക്കുന്നതു കേൾക്കാം, അതിനുശേഷം കൽക്കത്തയിലെ സ്വയാൽഡാ സ്റ്റേഷനിൽ അഭയാർത്ഥികൾ വന്നിറങ്ങുന്നതാണ്. അങ്ങിനെ ഇന്ത്യയിലെത്തിച്ചേർന്ന അഭയാർത്ഥികളിൽ ചിലർ നടത്തുന്ന ഒരു നാടകസമിതിയുടെ നായകനാണ് ഭൃഗു. അതേസമയം പ്രവർത്തിക്കുന്ന മറ്റൊരു നാടകസംഘടനയിലെ പ്രധാനനടിയാണ് അനസൂയ. പുതിയ പുതിയ പരീക്ഷണങ്ങളും സാധാരണ ജനങ്ങളുടെ ജീവിതമായി ബന്ധപ്പെട്ട സംഭവങ്ങളും നാടകത്തിൽ കൊണ്ടുവരുവാനാഗ്രഹിക്കുന്ന പുരോഗമനവാദിയായ ഭൃഗുവിന്റെ ആശയങ്ങളോടും കഴിവിനോടും അനസൂയയ്ക്ക് അതിയായ ബഹുമാനമാണ്. എങ്കിലും ചെറുപ്പക്കാരടങ്ങുന്ന ഇത്തരത്തിലുള്ള ഒരു നാടകസമിതി നടത്തുമ്പോൾ സാധാരണ നേരിടാറുള്ള പല ബുദ്ധിമുട്ടുകളും ഭൃഗുവിന്ന് അനുഭവപ്പെടുകയാണ്. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ. അംഗങ്ങൾ തമ്മിലുള്ള സുഖവിരോധങ്ങൾ എന്നിങ്ങിനെ പലതും. അതുപോലെതന്നെ സംഘടനയിലെ നടിയും സുന്ദരിയുമായ ഒരു പെൺകിടാവിന് ഒരു നടനോടുള്ള പ്രേമം. അതേ പെൺകുട്ടിയെ മനസ്സിലാരാധിക്കുന്ന മറ്റൊരാൾക്ക് ഇതറിയുമ്പോൾ അനുഭവപ്പെടുന്ന വിഷമങ്ങൾ, തുടങ്ങിയവയാണ് വിഷമങ്ങളിൽ ചിലത്. ഈ സംഭവങ്ങൾ സമിതിയുടെ നടത്തിപ്പിനേയും ചിലപ്പോൾ ബാധിക്കാറുണ്ട്.

ഒരുദിവസം ഭൃഗുവിന്റെ സമിതിയിലെ പ്രധാനനടിയുടെ അഭാവത്തിൽ അനസൂയ അയാളുടെ നാടകത്തിൽ നായികയുടെ ഭാഗമെടുത്തഭിനയിക്കുന്നു. അവർ കൈകാര്യം ചെയ്യുന്ന കഥകളുടെ പുതുമയും അവരുടെ പരീക്ഷണവ്യഗ്രതയും മനസ്സിലാക്കിയ അനസൂയ തന്റെ സംഘടന വിട്ടു ഭൃഗുവിന്റെ കൂടെ ചേരുന്നു.

ഇതെല്ലാം ഒരുവശത്തു സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ ഭൃഗുവിന്റെയും അനസൂയയുടെയും ഹൃദയങ്ങളിലും ചില ചില്ലറ സംഘട്ടനങ്ങളും ചലനങ്ങളും നടക്കുന്നുണ്ട്. അവിവാഹിതനും സുന്ദരനുമായ ഭൃഗുവിന്റെയും ഇംഗ്ലണ്ടിലുദ്യോഗത്തിലിരിക്കുന്ന ഒരാളുമായി വിവാഹനിശ്ചയം കഴിഞ്ഞ അനസൂയയുടെയും നിരന്തരസൗഹൃദം ഒരു അനാശാസ്യമായ ബന്ധത്തിന്റെ രൂപം കൊള്ളുന്നതായി കൂട്ടുകാർ കാണാൻ തുടങ്ങി.

റിഹേഴ്സൽ, അഭിനയം, അവതരണം തുടങ്ങിയ നാടകസമിതിയുടെ പ്രവർത്തനങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു മാറി നിൽക്കാൻ കഴിയുന്ന നിശ്ശബ്ദനിമിഷങ്ങളിൽ ഭൃഗു, പാകിസ്താനിലെ പ്രശാന്തരമണീയമായ ഒരു ഗ്രാമത്തിൽ താൻ വിട്ടെറിഞ്ഞു പോന്ന തന്റെ വീട്ടിനേയും അവിടെ കഴിച്ചുകൂട്ടിയ ഭൂതകാലത്തിലെ അനുഭവങ്ങളെയും പറ്റിയുള്ള മധു

രവേദന നിറഞ്ഞ ഓർമകളിൽ മുഴുകുന്നതു കാണാം.

അതുപോലെ തന്നെ അനസൂയ ആദർശവതിയായിരുന്ന തന്റെ മാതാവിനെപ്പററിയുള്ള സ്മരണകളെയും അവർ മരിക്കുമ്പോൾ തനിക്ക് നൽകിയ ഡയറിക്കുറിപ്പുകളേയും താലോലിച്ച് കഴിയും.

വഴക്കും വിദ്വേഷവുമുണ്ടെങ്കിലും നാടകസമിതി നടന്നുകൊണ്ടേയിരുന്നു. ഒരുദിവസം പുതിയ ഒരു നാടകം ബംഗാളിലെ ഉൾനാട്ടിലെവിടെയോ അവതരിപ്പിക്കുവാൻ പോവേണ്ടതുണ്ട്. എന്നാൽ അതേദിവസം അനസൂയ തന്റെ ഭാവിവരന്റെ സന്നിധിയിലേക്കു പോകുവാനായി വിമാനം കയറുവാൻ തീർച്ചയാക്കിയിരിക്കുകയാണ്. പ്രഭാതത്തിൽ വിമാനത്താവളത്തിലേക്കു കാറിൽ പോകുമ്പോൾ വഴിയിൽവെച്ചു തന്റെ നാടകസമിതിയിലെ സുഹൃത്തുക്കൾ കെട്ടും ഭാണ്ഡവുമായി ഉൾനാട്ടിലേക്കു പോകുന്നതു കാണുന്ന അനസൂയ കാർ നിർത്തി ഭൃഗുവിന്റെ കൂടെ അഭിനയിക്കുവാനായി വീണ്ടും അവരോടു കൂടി ചേരുന്നു. ഇത്രയേ കഥയുള്ളു.

ഒരേ ഇരുപ്പിൽ ഇരുന്നു കാണത്തക്ക നിലയിൽ ഒന്നിനൊന്നു സംഭവങ്ങൾ തുടർന്നുപോകുന്ന ഒരു ഒഴുക്കോ കെട്ടുറപ്പോ പിരുമുറുക്കമോ ഈ കഥയ്ക്ക് ഉണ്ടെന്ന് പറയുവാൻ വയ്യ. എന്നാലും എങ്ങിനെയെങ്കിലും ജീവിക്കുവാൻ വേണ്ടി പാടുപെടുന്ന ഒരു കൂട്ടം സാധാരണക്കാരുടെ വൈവിധ്യം നിറഞ്ഞ ജീവിതാനുഭവങ്ങളുടെ പ്രതിഫലനങ്ങൾ, ഒരു കുടുംബംപോലെ ഒന്നിച്ചിടപഴകി ജീവിക്കുന്ന യുവതീയുവാക്കന്മാരുടെ അടക്കിനിർത്തിയ വികാരവായ്പുകൾ, മാനസികാസ്വാസ്ഥ്യങ്ങൾ, അതോടൊപ്പം വിഭജനത്തെ തുടർന്നുള്ള കുറച്ചു കൊല്ലങ്ങളിൽ ബംഗാളിലെ നാടകവേദിയിൽ വീശിയ ചില പരിവർത്തനങ്ങളുടെ നിഴലുകൾ, തുടങ്ങിയ കുറെ കാര്യങ്ങൾ ഭാവനാശാലിയായ ഒരു സംവിധായകൻ ചലച്ചിത്രത്തിൽ ആവിഷ്കരിക്കുന്ന രീതിയാണ് ഈ ചിത്രം കാണുന്ന പ്രേക്ഷകരെ അദ്ഭുതപ്പെടുത്തുക.

### അഭിനയം

ഒരു പുതിയ മുഖമായ അവനീഷ് ബാനർജി, ഭൃഗുവിന്റെ ഭാഗത്തിന് മിഴിവും തെളിവും കൊടുക്കുന്ന കാര്യത്തിൽ ഒരുപക്ഷേ, ബംഗാളിലെ ഒന്നാംകിടക്കാരായ സിനിമാനടന്മാരിൽനിന്ന് പ്രതീക്ഷിക്കാവുന്നതിലൊട്ടും തന്നെ കുറയാത്തവിധം കഴിവുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. അനസൂയയുടെ ഭാഗമെടുത്ത, ഉയർന്നുവരുന്ന സുപ്രിയാചൗധുരി തന്റെ യഥാർത്ഥ രൂപത്തിൽ (ഒരു ഗ്ലാമർ ഗേൾ അല്ലാതെ) മെയ്ക്കപ്പൊന്നും കൂടാതെയാണ് ഇതിൽ പ്രത്യക്ഷപ്പെടുന്നത്. ബംഗാളിലെ ഉയർന്നു വരുന്ന നടിമാരിൽ സുപ്രിയയ്ക്ക് നല്ലൊരു സ്ഥാനമുണ്ട്. അനിൽ ചാറ്റർജി, ഗീതാഡേ, ചിത്രാമണ്ടൽ മുതലായ മറ്റു നടീനടന്മാരും അഭിനയത്തിന്റെ കാര്യത്തിൽ വിജയിച്ചിട്ടുണ്ടെന്ന് പറയാം. വാസനാസമ്പന്നരായ പുതുമുഖങ്ങളെ കണ്ടുപിടിക്കുന്നതിലുള്ള ഘട്ടക്കിന്റെ കഴിവ് പ്രസിദ്ധമാണ്. ഗ്ലാമറും അഭിനയവും രണ്ടും രണ്ടാണെന്ന് തികച്ചും തെളിയിക്കുന്നതിനുള്ള ഒരു ശ്രമവും കൂടിയുണ്ട് ഈ ചിത്രത്തിൽ.

### സംഗീതം

ടാഗൂറിന്റെ ഏറ്റവും നല്ല ഒന്നുരണ്ടു ഗാനങ്ങളും വേറെ ചില സമൂഹഗാനങ്ങളും രംഗങ്ങളുടെ ഭാവോജ്വലതയ്ക്ക് ശക്തി നൽക്കത്തക്കവണ്ണം പ്രഗൽഭമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുപോലെ തന്നെ പിന്നണി സംഗീതോപകരണങ്ങളുടെ പ്രവർത്തനം പല സന്ദർഭങ്ങളിലും വിസ്മയാവഹമാംവണ്ണം വിജയിച്ചിരിക്കുന്നു. സംഗീതസംവിധാനം നടത്തിയ ജ്യോതീന്ദ്ര മൈത്രയെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല. ഈ ചിത്രത്തിന്റെ മറ്റൊരു നല്ല വശം ബങ്കാളിലെ ഉൾനാട്ടിലെ പ്രകൃതിദൃശ്യങ്ങൾ മനോഹരമായി പലേടത്തും പ്രതിഫലിപ്പിക്കുന്നതിൽ ക്യാമറ നിർവഹിച്ച പങ്കാണ്.

കഥയും ചിത്രത്തിന്റെ പേരും തമ്മിൽ എന്താണ് ബന്ധമെന്നു പറയാൻ വയ്യ. ഗന്ധാർ ഒരു രാഗത്തിന്റെ പേരാണ്. അതിന്റെ ലളിതരൂപമാണത്രെ കോമൾ ഗന്ധാർ. മഹാകവി ടാഗൂർ തന്റെ ഒരു കഥാനായികയെ ഒരു കവിതയിൽ കോമൾ ഗന്ധാർ എന്ന് സംബോധന ചെയ്തിട്ടുണ്ട്. അതെന്തായാലും, ഈ പടം ലളിതസുന്ദരമായ ഒരു ഗാനശകലം പോലെ മധുരമാണ്, ഹൃദ്യമാണ്.